LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹകരണ ബാങ്ക് ട്രെയിനിംഗ് സെന്ററിലെ ഡയറക്ടർ നിയമനം

153 [2280] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് സെന്ററിന്റെ ഡയറക്ടർ തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യതകളിൽ വയസ്സിനുള്ള മാനദണ്ഡം ഇളവ് ചെയ്യുവാനും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ നിയമിക്കുവാനുള്ള നീക്കം നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രെയിനിംഗ് സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനുയോജ്യമായ ആളെ നിയമിക്കുവാൻ സുതാര്യമായ സെലക്ഷൻ മാനദണ്ഡം നിശ്ചയിക്കുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദിഷ്ട യോഗ്യതയായ എം.ബി.എ. അല്ലെങ്കിൽ തത്തുല്യമായ ഡിഗ്രി, അഗ്രികൾച്ചർ/കൊമേഴ്സ്/ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും സഹകരണ സ്ഥാപനങ്ങളിൽ മാനേജീരിയൽ തസ്തികയിൽ 10 വർഷത്തെ പ്രവർത്തി പരിചയവും ഉള്ള ഉദ്യോഗാർത്ഥികളിൽനിന്നും യോഗ്യതയുള്ള ഒരാളെ പ്രായപരിധി നോക്കാതെ നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് സംസ്ഥാന സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) സുതാര്യമായ സെലക്ഷൻ നടത്തണമെന്ന് നിർദ്ദേശിക്കുന്നതാണ്.

സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി

154 [2281] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

,, പി. ജെ. ജോയി:

,, ജോർജ് ജെ. മാത്യു:

,, കെ. മുഹമ്മദാലി:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി എത്രയാണ്; ഇതിൽ എന്തു തുക പിരിച്ചെടുക്കാൻ കഴിയും;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 24,62,51,061.31 രൂപ. നിഷ്ക്രിയ ആസ്തിയായ തുകകൾ മുഴുവൻ പിരിച്ചെടുക്കാൻ കഴിയും എന്നാണ് ബാങ്ക് അറിയിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തികൾ പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വൺടൈം സെറ്റിൽമെന്റ് പദ്ധതികൾ.

2. സഹകരണ നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടികൾ

3. കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള സെക്യൂരിറ്റൈസേഷൻ റീ കൺസ്ട്രക്ഷൻ ഓഫ് അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് ഇന്ററസ്റ്റ് ആക്ട്, 2002 പ്രകാരമുള്ള നടപടികൾ.

പണം വായ്പ കൊടുക്കുന്ന സഹകരണ ബാങ്കുകൾ

155 [2282] ശ്രീ. അടൂർ പ്രകാശ്:

,, വർക്കല കഹാർ:

,, ഇ. എം. അഗസ്തി:

,, എൻ. ഡി. അപ്പച്ചൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം അടച്ചുതീർക്കുന്ന വ്യവസ്ഥയിൽ ചെറുകിട കച്ചവടക്കാർ, നിശ്ചിത വരുമാനക്കാർ മുതലായവർക്ക് പണം വായ്പ കൊടുക്കുന്ന ജില്ലാ ബാങ്കുകളോ മറ്റ് സഹകരണ ബാങ്കുകളോ സംസ്ഥാനത്തുണ്ടോ;

(ബി) ഇപ്രകാരം വായ്പയെടുക്കുന്നവർ ദിനംപ്രതി തുക തിരിച്ചടയ്ക്കാതെ കുടിശ്ശിക വരുത്തുകയാണെങ്കിൽ പിഴ പലിശ ഈടാക്കുമോ;

(സി) എങ്കിൽ ദിവസംപ്രതിയാണോ പിഴ പലിശ കണക്കാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly